LIBRARY ARCHIVES Kerala Legislative Assembly

ആചാരസ്ഥാനികർക്കും കോലധാരികൾക്കും മാസ അലവൻസ്

106 (3812) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങളിലേയും കാവുകളിലേയും ആചാരസ്ഥാനികർക്കും കോലധാരികൾക്കും മാസ അലവൻസ് വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകുമോ?

ഇപ്പോൾ പരിഗണനയിലില്ല. ഉത്തരമലബാറിലെ ആചാരസ്ഥാനികരുടേയും കോലധാരികളുടേയും പ്രതിമാസ ധനസഹായം 11-9-2020-ലെ G.O. (Rt) No. 2840/2020/RD പ്രകാരം 1-9-2020 മുതൽ പ്രാബല്യത്തിൽ 1,400 രൂപയായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

(ബി) പുതുതായി അലവൻസിന് എത്രപേർ അപേക്ഷ നൽകിയിട്ടുണ്ടെന്നും ഈ അപേക്ഷയിൽ എപ്പോൾ തീർപ്പുകൽപ്പിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

ആചാരസ്ഥാനികർക്കും കോലധാരികൾക്കുമുള്ള പ്രതിമാസ ധനസഹായ പദ്ധതിയിലുൾപ്പെടുത്തുന്നതിനായി പുതിയ അപേക്ഷകൾ ക്ഷണിച്ചിട്ടില്ല.

വന സംരക്ഷണ ചട്ടങ്ങളിൽ ഭേദഗതി

107 (3813) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർഷക താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി വനസംരക്ഷണവുമായി ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്താനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല. നിലവിലുള്ള വനസംരക്ഷണ ചട്ടങ്ങൾ കർഷകരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിന് പര്യാപ്തമാണ്.

കാട്ടുതീ അണയ്ക്കാൻ യന്ത്രവൽകൃത വാഹനം

108 (3814) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുതീ കെടുത്തുന്നതിനുവേണ്ടി എത്ര യന്ത്രവൽകൃത വാഹനങ്ങളാണ് 2016 മുതൽ നാളിതുവരെയായി വാങ്ങിയതെന്നും ഇതിന് എത്ര രൂപ ചെലവായെന്നും വ്യക്തമാക്കാമോ?

കാട്ടുതീ കെടുത്തുന്നതിനുവേണ്ടി രണ്ട് മിനി ഫോറസ്റ്റ് ഫയർ റെസ്പോണ്ടർ വാഹനങ്ങളാണ് വാങ്ങിയിട്ടുള്ളത്. ആയത് വാങ്ങുന്നതിന് 58,82,228 രൂപ ചെലവായിട്ടുണ്ട്.

(ബി) ഇവ വാങ്ങുന്നതിനുമുമ്പ് ഇവയുടെ ഉപയോഗം സംബന്ധിച്ച് ഏതെങ്കിലും പഠനമോ വിലയിരുത്തലോ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ടി വാഹനങ്ങൾ ദേശീയ കൃാമ്പ ഫണ്ട് (CAMPA FUND) ഉപയോഗിച്ച് വാങ്ങുന്നതിന് മുന്നോടിയായി വിവിധതലങ്ങളിൽ ചർച്ചകൾ നടത്തിയിരുന്നു. വനസംരക്ഷണ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ആധുനിക യന്ത്രങ്ങൾ ഘടിപ്പിച്ച വാഹനങ്ങളുപയോഗിച്ച് കാട്ടുതീ പ്രതിരോധ നടപടികൾ ഫലപ്രദമായി നടത്താൻ കഴിയുമെന്നനിലയ്ക്ക് പരീക്ഷണാടിസ്ഥാനത്തിൽ രണ്ട് വാഹനങ്ങൾ മാത്രമാണ് വാങ്ങിയിട്ടുള്ളത്. കൂടാതെ, ടി വാഹനങ്ങൾ വാങ്ങുന്നതിനുമുമ്പ് ഇതിനായി രൂപീകരിച്ച സാങ്കേതിക വിലയിരുത്തൽ കമ്മിറ്റിയിൽ (Technical Evaluation Committee) ഫയർ ഫോഴ്സ് ഡിപ്പാർട്ടുമെന്റിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിയിരുന്നു.

(സി) സംസ്ഥാനത്ത് കാട്ടുതീ തടയുന്നതിന് യന്ത്രവൽകൃത വാഹനം പ്രായോഗികമാണോ; വിശദാംശം ലഭ്യമാക്കാമോ?

കാട്ടുതീ തടയുന്നതിന് പരമ്പരാഗതമായി ഉപയോഗിച്ചുവരുന്ന മാർഗ്ഗങ്ങൾക്കുപുറമെ ആധുനിക മാർഗ്ഗങ്ങൾ അവലംബിക്കേണ്ടത് അത്യാവശ്യമാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് 14-5-2015-ലെ ജി.ഒ. (എം.എസ്.) 31/2015/വനം എന്ന ഉത്തരവ് പ്രകാരം ടി വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയത്. വാഹനത്തിലെത്താൻ പറ്റുന്ന പ്രദേശങ്ങളിൽ ഇത്തരത്തിലുള്ള യന്ത്രവൽകൃത വാഹനം ഉപയോഗിച്ചുള്ള കാട്ടുതീ പ്രതിരോധത്തിനുവേണ്ടിയാണ് ടി വാഹനങ്ങൾ വാങ്ങിയിട്ടുള്ളത്. കേരളത്തിലെ ഫയർ ഫോഴ്സ് വിഭാഗത്തിൽ ഉപയോഗിച്ച് വിജയിച്ചിട്ടുള്ള ചെറിയ ഫയർ എഞ്ചിൻ വാഹനത്തിന്റെ മാതൃകയിലാണ് മിനി ഫോറസ്റ്റ് ഫയർ റെസ്പോണ്ടർ വാഹനങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. നിലവിൽ ടി വാഹനങ്ങൾ വനാതിർത്തിയോടുചേർന്നുള്ള പ്രദേശങ്ങളിലും ചെങ്കുത്തായ മലകളൊഴികെയുള്ള സമതല വനമേഖലകളിലുമാണ് ഫയർ സീസണിൽ കാട്ടുതീ പ്രതിരോധിക്കുന്നതിനായി ഉപയോഗിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly